# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 1002 30.09.2016- ൽ മറുപടിയ്ക്ക്**

**വിവിധയിനം വിളകളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം<br>**ശ്രീ.എസ്.ശർമ്മ** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കമാർ**<br>**(കൃഷി വകപ്പ് മന്ത്രി)** | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഏറെ വിപണനസാധ്യതയുള്ള വിളകളായ പച്ചക്കറി, പൂക്കൾ,പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് പച്ചക്കറി, പൂക്കൾ, പഴ വർഗ്ഗങ്ങൾ, എന്നിവയുടെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനായി മഴമറകൾ, പോളീഹൗസുകൾ സ്ഥാപിക്കൽ വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് എത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി ജൈവരീതിയിലുള്ള (പി.ജി.എസ്) പച്ചക്കറികൃഷി വ്യാപിപ്പിക്കുകയും, പച്ചക്കറികൾക്ക് ജൈവ ഉല്പാദന ബോണസ്സ് നല്കുക, ഹൈബ്രിഡ് പച്ചക്കറിത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക, കിഴങ്ങ് വർഗ്ഗവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, പച്ചക്കറി, കൃഷിയ്ക്ക് ഇൻഷൂറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുക, പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുക, നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇതിനായി ടെക്നോളജി സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) | ഇൻഡോ ഡച്ച് ആക്ഷൻ പ്ലാനിന്റെ ഭാഗമായി പച്ചക്കറി, പൂക്കൾ എന്നിവയുടെ ഹൈടെക് കൃഷി സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിനായി ഒരു മികവിന്റെ കേന്ദ്രം (Centre of Excellence) സ്ഥാപിക്കുന്നതിനായുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**